# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4394      04/02/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്.

### എ. ഐ. പി. സ്കൂൾ അദ്ധ്യാപകരുടെ സേവന - വേതന വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ. സാജു പോൾ | | ഉത്തരം<br>ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | മലബാറിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 33 എ.ഐ. പി. സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ 28 എ.ഐ.പി സ്കൂളുകളിലായി 169 അദ്ധ്യാപകരാണ് ജോലിചെയ്യുന്നത്. ഹയർ സെക്കൻഡറി ഡയറക്ടറുടെ കീഴിൽ 5 സ്കൂളുകളിലായി 43 അധ്യാപകരും ജോലി ചെയ്യുന്നു. |
| ബി) | പ്രസ്തുത അദ്ധ്യാപകരുടെ സേവന-വേതനവ്യവസ്ഥകൾ വിശദമാക്കാമോ; | ബി) | ഏരിയ ഇന്റൻസീവ് സ്കൂളുകളിലെ ജീവനക്കാർക്ക് 16.01.2003 മുതൽ മുൻകാല പ്രാബല്യത്തോടെ കെ.ഇ.ആറും കെ.എസ്.ആറും ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് (എം.എസ്.) നം.93/2013/പൊ.വി. തീയതി 14.3.2013 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രൈമറി അദ്ധ്യാപകർക്ക് KER/KSR പ്രകാരം നൽകുന്ന എല്ലാ സേവന-വേതന വ്യവസ്ഥകളും ഇവർക്കും ബാധകമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം എ.ഐ.പി. സ്കൂളുകളിൽ അദ്ധ്യാപകനിയമനം നടന്നിട്ടുണ്ടോ ; എങ്കിൽ എത്ര അദ്ധ്യാപകരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ; നിയമനം നടത്തിയതാര്, നിയമന രീതി എന്നിവ വെളിപ്പെടുത്താമോ ? | സി) | 12 അദ്ധ്യാപകരുടെ നിയമനം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള സ്കൂളുകളിലും ഹയർ സെക്കൻഡറി ഡയറക്ടറുടെ കീഴിലുള്ള 5 സ്കൂളുകളിലായി 16 അധ്യാപകരുടെ നിയമനവും നടന്നിട്ടുണ്ട്. സ്കൂൾ മാനേജർമാരാണ് നിയമനം നടത്തിയത്. അംഗീകൃത തസ്തികകളിൽ വന്ന ഒഴിവുകളിൽ KER ലെ അധ്യായം 32 ലെ വ്യവസ്ഥകൾ പ്രകാരമാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ